## പതിമൂന്നാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4532 — 22.07.2015 ന് മറുപടിയ്ക്ക്.

## ഫോറസ്റ്റ് റേഞ്ചുകളിലും സ്റ്റേഷനുകളിലും അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.അജിത് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) ഫോറസ്റ്റ് റേഞ്ചുകളിലും സ്റ്റേഷനുകളിലും അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത ഇല്ലാത്തതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.<br>സതേൺ സർക്കിൾ - സതേൺ സർക്കിളിന് കിഴിലുള്ള ഡിവിഷനുകളിലെ ഫോറസ്റ്റ് റെയിഞ്ചുകളിലും സ്റ്റേഷനുകളിലും ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.<br>ഹൈറേഞ്ച് സർക്കിൾ - ഹൈറേഞ്ച് സർക്കിളിലെ മൂന്നാർ ഡിവിഷന്റെ കീഴിലുള്ള ദേവികുളം റെയിഞ്ചിൽ ബാത്ത് റൂം സൗകര്യം പരിമിതമാണ്. കൂടാതെ ടി കെട്ടിടം ചോർന്നൊലിക്കുന്നതുമാണ്. മൂന്നാർ റെയിഞ്ചിന്റെ പെട്ടിമുടി സ്റ്റേഷനിൽ വൈദ്യുതി കണക്ഷനോ അടിസ്ഥാന സൗകര്യങ്ങളോ ഇല്ല. മൂന്നാർ ഡിവിഷന്റെ കീഴിലുള്ള നേര്യമംഗലം, ദേവികുളം, മൂന്നാർ, അടിമാലി റെയിഞ്ചുകളുടെ പരിധിയിൽ വരുന്ന സ്റ്റേഷനുകളിൽ ക്വാർട്ടേഴ്സ് സൗകര്യം ലഭ്യമല്ല. കോതമംഗലം ഡിവിഷനിലെ നാല് റെയിഞ്ചുകളിലായി ഒരു ഫോറസ്റ്റ് സ്റ്റേഷനും 9 സെക്ഷൻ ഓഫീസുകളും നിലവിലുണ്ട്. ടി ഓഫീസുകൾ പലതും പഴയ കെട്ടിടങ്ങളിലാണ് പ്രവർത്തിച്ച വരുന്നത്. ടി ഓഫീസുകളിൽ ആവശ്യത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇല്ല. കൂടാതെ ടി ജീവനക്കാർക്ക് താമസത്തിന് ആവശ്യമായ ക്വാർട്ടേഴ്സുകളും നിലവിലില്ല. മാങ്കുളം ഡിവിഷന്റെ കീഴിലുള്ള 2 റെയിഞ്ചുകളിലും ലാന്റ് ഫോൺ, മൊബൈൽ നെറ്റ്‌വർക്ക്, ഇന്റർനെറ്റ് എന്നീ കണക്ഷനുകൾ ഇല്ല.<br>സെൻട്രൽ സർക്കിൾ - സെൻട്രൽ സർക്കിളിനു കീഴിലുള്ള മലയാറ്റൂർ ഡിവിഷന്റെ ഇടമലയാർ റെയിഞ്ചിൽപ്പെട്ട എണ്ണക്കൽ, പെരുമഴി എന്നീ ഫോറസ്റ്റ് സ്റ്റേഷനുകളിലും, തുണ്ടത്തിൽ റെയിഞ്ചിന്റെ പരിധിയിലുള്ള ഇടമലയാർ, കരിമ്പാനി, ഭൂതത്താൻകെട്ട്, വടാട്ടുപാറ എന്നീ ഫോറസ്റ്റ് സ്റ്റേഷനുകളിലും കാലടി റെയിഞ്ചിന്റെ പരിധിയിലുള്ള കണ്ണിമംഗലം ഫോറസ്റ്റ് സ്റ്റേഷനിലും, കോടനാട് റെയിഞ്ചിന്റെ പരിധിയിലുള്ള പെരുന്തോട്, മേയ്ക്കപ്പാറ എന്നീ ഫോറസ്റ്റ് സ്റ്റേഷനുകളിലും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നിലനില്ക്കുന്നുണ്ട്. ചാലക്കുടി ഡിവിഷനിലെ കൊന്നക്കുഴി ഫോറസ്റ്റ് സ്റ്റേഷനിൽ ജലദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. |

ഈസ്റ്റേൺ സർക്കിൾ - ടി സർക്കിളിനു കീഴിലുള്ള നിലമ്പൂർ സൗത്ത് ഡിവിഷന്റെ പരിധിയിൽ വരുന്ന കരുവാരക്കുണ്ട് സ്റ്റേഷൻ പ്രവർത്തിക്കുന്നത് വാടകക്കെട്ടിടത്തിലാണ്. മണ്ണാർക്കാട് ഡിവിഷന്റെ പരിധിയിലുള്ള മുക്കാലി ഫോറസ്റ്റ് സ്റ്റേഷൻ, ഷോളയൂർ ഫോറസ്റ്റ് സ്റ്റേഷൻ, പൂറ്റാനിക്കാട് ഔട്ട് പോസ്റ്റ് എന്നിവിടങ്ങളിൽ കുടിവെള്ള സൗകര്യം അപര്യാപ്തമാണ്.

നോർത്തേൺ സർക്കിൾ - സൗത്ത് വയനാട് ഡിവിഷനിലെ ചെതലത്ത് റെയിഞ്ചിന്റെ ഇരുളം ഫോറസ്റ്റ് സ്റ്റേഷന് കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യം ഇല്ലാത്തതും അവ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയുമാണ്.

അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് സർക്കിൾ - ഫോറസ്റ്റ് റെയിഞ്ചുകളിൽ അടിസ്ഥാന സൗകര്യം നിലവിലുണ്ട്.

പ്രോജക്ട് ടൈഗർ സർക്കിൾ - ടി സർക്കിളിന്റെ പരിധിയിലുള്ള റെയിഞ്ചുകളിലും ഫോറസ്റ്റ് സ്റ്റേഷനുകളിലും അടിസ്ഥാന സൗകര്യം ലഭ്യമാണ്.

വൈൽഡ് ലൈഫ് നോർത്തേൺ സർക്കിൾ, പാലക്കാട് - ടി സർക്കിളിന്റെ പരിധിയിലുള്ള റെയിഞ്ചുകളിലും ഫോറസ്റ്റ് സ്റ്റേഷനുകളിലും അടിസ്ഥാന സൗകര്യം ലഭ്യമാണ്.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഫോറസ്റ്റ് റേഞ്ചുകളിലും സ്റ്റേഷനുകളിലും വൈദ്യുതി, വെള്ളം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാൻ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് ഡിവിഷൻ തിരിച്ച് വ്യക്തമാക്കുമോ;

(ബി) സതേൺ സർക്കിൾ -

| | |
|---|---|
| തിരുവനന്തപുരം ഡിവിഷൻ | 58,00,000/- രൂപ |
| തെന്മല ഡിവിഷൻ | 3,30,000/- രൂപ |
| അച്ചൻകോവിൽ ഡിവിഷൻ | 71,800/- രൂപ |
| പുനലൂർ ഡിവിഷൻ | 60,000/- രൂപ |
| കോന്നി ഡിവിഷൻ | 26,96,000/- രൂപ |
| റാന്നി ഡിവിഷൻ | 5,48,300/- രൂപ |

ഹൈറേഞ്ച് സർക്കിൾ -

| | |
|---|---|
| മൂന്നാർ ഡിവിഷൻ | 5,74,000/- രൂപ |
| മറയൂർഡിവിഷൻ | Nil |
| കോട്ടയം ഡിവിഷൻ | 2,09,38,027/- രൂപ |
| കോതമംഗലം ഡിവിഷൻ | 1,95,66,700/- രൂപ |
| മാങ്കുളം ഡിവിഷൻ | 55,16,069/- രൂപ |

സെൻട്രൽ സർക്കിൾ

| | |
|---|---|
| തൃശ്ശൂർ ഡിവിഷൻ | 3,47,000/- രൂപ |
| ചാലക്കുടി ഡിവിഷൻ | 1,05,21,000/- രൂപ |
| വാഴച്ചാൽ ഡിവിഷൻ | 12,51,000/- രൂപ |
| മലയാറ്റൂർ ഡിവിഷൻ | 33,01,000- രൂപ |

ഈസ്റ്റേൺ സർക്കിൾ -

| | |
|---|---|
| നിലമ്പൂർ നോർത്ത് ഡിവിഷൻ | 1,31,000/- രൂപ |
| നിലമ്പൂർ സൗത്ത് ഡിവിഷൻ | 1,07,78,000/- രൂപ |
| മണ്ണാർക്കാട് ഡിവിഷൻ | 17,77,000/- രൂപ |
| നെന്മാറ ഡിവിഷൻ | 1,61,000/- രൂപ |
| പാലക്കാട് ഡിവിഷൻ | Nil. |

നോർത്തേൺ സർക്കിൾ -

| | |
|---|---|
| സൗത്ത് വയനാട് ഡിവിഷൻ | 6,26,868/- രൂപ |
| നോർത്ത് വയനാട് ഡിവിഷൻ | 2,94,302/- രൂപ |
| കോഴിക്കോട് ഡിവിഷൻ | 3,97,310/- രൂപ |
| കണ്ണൂർ ഡിവിഷൻ | 2,68,790/- രൂപ |
| കാസർഗോഡ് ഡിവിഷൻ | 31,52,000/- രൂപ |

എ.ബി.പി.സർക്കിൾ -

| | |
|---|---|
| തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷൻ | Nil |
| ശെന്തുരുണി വൈൽഡ് ലൈഫ് ഡിവിഷൻ | Nil |

പ്രോജക്ട് ടൈഗർ സർക്കിൾ -

| | |
|---|---|
| പെരിയാർ ഈസ്റ്റ് ഡിവിഷൻ | Nil |
| പെരിയാർ വെസ്റ്റ് ഡിവിഷൻ | 6,52,839/- രൂപ |
| മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷൻ | 12,77,378/- രൂപ |
| ഇടുക്കി വൈൽഡ് ലൈഫ് ഡിവിഷൻ | 2,91,936/- രൂപ |

വൈൽഡ് ലൈഫ് , പാലക്കാട്

| | |
|---|---|
| വയനാട് വൈൽഡ് ലൈഫ് ഡിവിഷൻ | 99,83,796/- രൂപ |
| പീച്ചി വൈൽഡ് ലൈഫ് ഡിവിഷൻ | 9,58,840/- രൂപ |
| പറമ്പിക്കുളം വൈൽഡ് ലൈഫ് ഡിവിഷൻ | 11,87,384/- രൂപ |
| സൈലന്റ്‌വാലി വൈൽഡ് ലൈഫ് ഡിവിഷൻ | 39,26,678/- രൂപ |
| ആറളം വൈൽഡ് ലൈഫ് ഡിവിഷൻ | 67,038/- രൂപ |

(സി) പ്രസ്തുത സൗകര്യങ്ങൾ ഇപ്പോഴും ലഭ്യമാകാത്ത സ്റ്റേഷനുകൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത സൗകര്യങ്ങൾ ഇപ്പോഴും ഇല്ലാത്ത സ്റ്റേഷനുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
സതേൺ സർക്കിൾ - പ്രസ്തുത സൗകര്യങ്ങൾ ഇപ്പോഴും ലഭ്യമാകാത്ത സ്റ്റേഷനുകൾ നിലവിലില്ല.

ഹൈറേഞ്ച് സർക്കിൾ - മൂന്നാർ ഡിവിഷൻ - പെട്ടിമുടി ഫോറസ്റ്റ് സ്റ്റേഷൻ, പെരിഞ്ഞാംകുട്ടി ഫോറസ്റ്റ് സ്റ്റേഷൻ
മാങ്കുളം ഡിവിഷൻ - കടലാർ സെക്ഷൻ
സെൻട്രൽ സർക്കിൾ - മലയാറ്റൂർ ഡിവിഷൻ -
കരിമ്പാനി - ജലദൗർലഭ്യം,
കരിമ്പാനി, ഭൂതത്താൻകെട്ട്, ഇടമലയാർ - വൈദ്യുതി സൗകര്യം ഇല്ല.
ഈസ്റ്റേൺ സർക്കിൾ - നിലമ്പൂർ സൗത്ത് ഡിവിഷൻ - കരുവാരക്കുണ്ട് ഫോറസ്റ്റ് സ്റ്റേഷൻ പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിലാണ്.
മണ്ണാർക്കാട് ഡിവിഷൻ - മുക്കാലി, ഷോളയൂർ എന്നീ ഫോറസ്റ്റ് സ്റ്റേഷനുകളിലും, പൂറ്റാനിക്കാട് ഔട്ട് പോസ്റ്റിലും കുടിവെള്ള സൗകര്യം അപര്യാപ്തമാണ്.
നോർത്തേൺ സർക്കിൾ - സൗത്ത് വയനാട് ഡിവിഷൻ - ഇരുളം ഫോറസ്റ്റ് സ്റ്റേഷനിൽ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണ്.

(ഡി) വനം വകുപ്പിന്റെ ഏതെങ്കിലും റേഞ്ചുകളിലോ സ്റ്റേഷനുകളിലോ വാഹനങ്ങൾ ഇല്ലാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും; എങ്കിൽ ഏതൊക്കെ റേഞ്ചുകളും സ്റ്റേഷനുകളുമാണെന്നും വ്യക്തമാക്കുമോ?

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാഹനങ്ങൾ ഇല്ലാത്ത ഫോറസ്റ്റ് സ്റ്റേഷനുകളുടേയും,റെയിഞ്ചുകളുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
സതേൺ സർക്കിൾ - അച്ചൻകോവിൽ ഡിവിഷനിലെ കാനയാർ റെയിഞ്ച്, കോന്നി ഡിവിഷനിലെ മണ്ണാറപ്പാറ റെയിഞ്ച്, ചേമ്പാല ഫോറസ്റ്റ് സ്റ്റേഷൻ
ഹൈറേഞ്ച് സർക്കിൾ - കോട്ടയം വന ഡിവിഷനിലെ അയ്യപ്പൻകോവിൽ റെയിഞ്ച്, നഗരമ്പാറ റെയിഞ്ച്
സെൻട്രൽ സർക്കിൾ - ചാലക്കുടി ഡിവിഷനിലെ പരിയാരം റെയിഞ്ച്, മലയാറ്റൂർ ഡിവിഷനിലെ ആനക്കുളം, ഏറ്റുമുഖം, പെരുന്തോട്, എണ്ണക്കൽ, ഇടമലയാർ, വടാട്ടുപാറ സ്റ്റേഷനുകൾ.
വാഴച്ചാൽ ഡിവിഷനിലെ ചാർപ്പ റെയിഞ്ച്,
ഷോളയൂർ ഫോറസ്റ്റ് സ്റ്റേഷൻ
ഈസ്റ്റേൺ സർക്കിൾ - മണ്ണാർക്കാട് ഡിവിഷനിലെ ഒമ്മല ഫോറസ്റ്റ് സ്റ്റേഷൻ
പ്രോജക്ട് ടൈഗർ ഡിവിഷൻ - പെരിയാർ വെസ്റ്റ് ഡിവിഷന്റെ പമ്പ റെയിഞ്ചിലെ മുക്കുഴി ഫോറസ്റ്റ് സ്റ്റേഷൻ
വൈൽഡ് ലൈഫ് നോർത്തേൺ സർക്കിൾ - പീച്ചി വൈൽഡ് ലൈഫ് ഡിവിഷനിലെ പീച്ചി റെയിഞ്ചിന്റെ ഒളകര ഫോറസ്റ്റ് സ്റ്റേഷൻ

സെക്ഷൻ ഓഫീസർ